**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 685** **06-12-2022 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡുകളുടെ നവീകരണത്തിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; ഇതിനായി എത്ര രൂപയുടെ പദ്ധതി ആണ് തയ്യാറാക്കിയിട്ടുള്ളത് ; പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ? | (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് നിഡയിലെ റോഡ്/ഡ്രൈനേജ് എന്നിവയുടെ നിർമ്മാണം/ നവീകരണവുമായി ബന്ധപ്പെട്ട് 22.76 കോടി രൂപ അനുവദിച്ചിരുന്നു. ടി തുകയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ്/ഡ്രൈനേജ് എന്നിവയുടെ നിർമ്മാണ/നവീകരണവുമായി ബന്ധപ്പെട്ട പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇന്റേണൽ റോഡ്/ഡ്രൈനേജ് എന്നിവയുടെ നിർമ്മാണം/നവീകരണം എന്നിവയ്ക്കായി 6.8 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ആയത് SIDBI Cluster Development Fund Scheme ൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.<br><br>കിൻഫ്രയുടെ പാലക്കാട് കഞ്ചിക്കോടുള്ള കിൻഫ്ര ഇൻഡിഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കിന്റെ ആഭ്യന്തര റോഡുകളുടെയും മെഗാഫുഡ് പാർക്കിന്റെ റോഡുകളുടെയും പരിപാലനം സമയബന്ധിതമായി നടന്നു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ